**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4085** **18-07-2022 - ൽ മറുപടിയ്ക്ക്**

**ലാപ്ടോപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനസൗകര്യം ഒരുക്കുവാൻ ലാപ്ടോപ്പുകൾ നൽകുന്നതിന് കെ.എസ്.എഫ്.ഇ. യും കുടുംബശ്രീയും ചേർന്ന് പദ്ധതി ആവിഷ്കരിച്ചിരുന്നോ; ഈ പദ്ധതി മുഖേന എത്ര ലാപ്ടോപ്പുകൾ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടതെന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര പേർക്ക് ലാപ്ടോപ്പ് നൽകിയെന്നും വ്യക്തമാക്കുമോ; | (എ) | ആവിഷ്കരിച്ചിരുന്നു. വിദ്യാശ്രീ പദ്ധതി മുഖേന വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടിരുന്ന ലാപ്ടോപ്പുകളുടെ എണ്ണം 5,00,000. 68498 അപേക്ഷകൾ ലാപ്ടോപ്പുകൾക്കു വേണ്ടി ലഭിച്ചിരുന്നു. എന്നാൽ ലാപ്ടോപ്പ് കമ്പനികൾ സമയത്തിന് സപ്ലൈ ചെയ്യാത്ത- തിനാൽ 8575 പേർക്കാണ് ലാപ്ടോപ്പുകൾ നൽകിയിട്ടുള്ളത്. 1446 ലാപ്ടോപ്പുകൾ പൊതുവിപണിയിൽ നിന്നും വാങ്ങുന്നതിനായി 20,000/- രൂപയിൽ കവിയാത്ത വായ്പയും ലഭ്യമാക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന ലാപ്ടോപ്പ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | വിദ്യാർത്ഥികളായ മക്കൾ ഉള്ള കുടുംബശ്രീ അംഗങ്ങൾക്കാണ് വിദ്യാശ്രീ പദ്ധതി തുടങ്ങിയത്. പ്രതിമാസം 500/- രൂപ വെച്ച് 30 മാസം അടയ്ക്കുന്ന രീതിയിലാണ് പദ്ധതി ആരംഭിച്ചത്. പിന്നീട് ലാപ്ടോപ്പിന്റെ വിലയ്ക്ക് അനുസൃതമായി 36, 40 മാസങ്ങൾ കാലാവധിയുള്ള പദ്ധതിയും ഇതിൽ ഉൾപ്പെടുത്തി. |
| (സി) | പദ്ധതി മുഖേന വിതരണം ചെയ്ത ലാപ്ടോപ്പുകൾക്ക് കേടുപാടുകൾ സംഭവിച്ചത് ഗൗരവത്തോടെ പരിശോധിച്ചിരുന്നോ; ഈ കാര്യത്തിൽ ലാപ്ടോപ്പ് നൽകിയ കമ്പനിക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | കൊക്കോണിക്സ് എന്ന സ്ഥാപനം വിതരണം ചെയ്ത 1301ലാപ്ടോപ്പുകൾ പ്രവർത്തനരഹിതം/ പ്രവർത്തനപ്പിഴവുകൾ ഉണ്ടെന്ന് അറിയിച്ചതിനെ തുടർന്ന് കമ്പനിക്ക് മടക്കി നൽകുകയുണ്ടായി. ആയതിന്റെ തുക അവർക്ക് നൽകുകയുണ്ടായില്ല. |
| (ഡി) | പ്രസ്തുത പദ്ധതി പരാജയപ്പെടാൻ ഇടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതി പരാജയപ്പെട്ടിട്ടില്ല. എന്നാൽ കമ്പനികൾ സമയത്തിന് ലാപ്ടോപ്പുകൾ നൽകാത്തതിനാലും കോവിഡ് സാഹചര്യം മാറി ഓഫ്ലൈൻ വിദ്യാഭ്യാസം ആരംഭിച്ചതിനാലുമാണ് പദ്ധതിയിൽ ചേർന്നവരിൽ നല്ലൊരു ഭാഗം ആളുകൾ അവസാനം പണം പലിശയടക്കം തിരിച്ചു വാങ്ങിയത്. 1446 ആളുകൾ 20,000/- രൂപയിൽ |

| | | | |
|---|---|---|---|
| | | | കവിയാത്ത തുക വായ്പ കൈപ്പറ്റി പൊതുവിപണിയിൽ നിന്നും ലാപ്ടോപ്പ് വാങ്ങിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ